# THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| Date:11/6/2024<br>Grade:X | Monthly Test-1(2024-2025)<br>MALAYALAM<br>ANSWER KEY | Max.Marks:20<br>Time:50 Minutes |
|---|---|---|

| | | |
|---|---|---|
| **I.1.** | പ്ലാസ്റ്റിക് | **1*5=5** |
| **2.** | ഭാരക്കുറവ് | |
| **3.** | **1912** | |
| **4.** | **1940** | |
| **5.** | പോളിമറിക് വസ്തുക്കളാണ് | |
| **II. 1.** | ക്ഷണഭംഗുരത | **1*6=6** |
| **2.** | കരിമ്പനകൾ | |
| **3.** | ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലത്തുള്ളി | |
| **4.** | പൊതിച്ചോറ് | |
| **5.** | ജനങ്ങൾ | |
| **6.** | ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ | |
| **III. 1.** | ലക്ഷ്മണനെ സാന്ത്വനിപ്പിക്കാൻ ശ്രീരാമൻ വളരെ മനഃശാസ്ത്രപരമായ സമീപനം തന്നെയാണ് സ്വീകരിക്കുന്നത്. കോപാന്ധനായി ത്രിലോകങ്ങൾ തന്നെ ചുട്ടുചാമ്പലാക്കുമെന്ന് ദൃഢനിശ്ചയത്തോടെ നില്ക്കുന്ന ലക്ഷ്മണനെയാണ് അദ്ദേഹം സമാധാനിപ്പിക്കാൻ ശ്രമിക്കുന്നത്. വളരെ അനുനയത്തോടെയാണ് ശ്രീരാമന്റെ സമീപനം.സഹോദരാ!എന്നും സുമിത്രാപുത്രാ, കുമാര എന്നുമാണ് അദ്ദേഹത്തിന്റെ അഭിസംബോധന.പതിനാലുവർഷം കാട്ടിലേക്ക് പോകാൻ മടിയില്ലാത്തവനും രാജ്യാധികാരത്തെക്കാൾ രക്തബന്ധത്തിന് മുൻതൂക്കം കൊടുക്കുന്നവനുമായ തന്റെ അനുജനോടാണ് സംസാരിക്കുന്നത് എന്ന തോന്നൽ ശ്രീരാമൻ | **3*3-9** |

| | | |
|---|---|---|
| | ആദ്യമേ ഉണ്ടാക്കുന്നു. പക്വമതിയായ സുമിത്രയുടെ മകനാണെന്നും, പ്രായംകൊണ്ട് കുമാരനാണെന്നും സൂചിപ്പിച്ച് ലക്ഷ്മണന്റെ എടുത്തുചാട്ടത്തിന് തടയിടുവാൻ ശ്രീരാമൻ ശ്രമിക്കുന്നു. ലക്ഷ്മണന് തന്നോടാണ് മറ്റുള്ളവരേക്കാൾ സ്നേഹമെന്നുള്ളത് എന്ന് താൻ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ടെന്നും സൂചിപ്പിച്ചു. തന്റെ വാക്കുകൾക്ക് കീഴ്പെടുവാനുള്ള മാനസികാടിത്തറ രൂപപ്പെടുത്തുവാനും ആണ് ശ്രീരാമൻ ശ്രമിക്കുന്നത്. സ്നേഹനിർഭരമായ ഇത്തരം വാക്കുകൾ ആരുടെ മനസ്സിനെയാണ് വശീകരിക്കാതിരിക്കുക. | |
| **2.** | ഒ വി വിജയന്റെ കടൽത്തീരത്ത് എന്ന കഥാസമാഹാരത്തിലേതാണ് കടൽത്തീരത്ത് എന്ന കഥ. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകൻ കണ്ടുണ്ണിയെ കാണാൻ വൃദ്ധനായ വെള്ളായിയപ്പൻ കണ്ണൂർ ജയിലിലേക്ക് പോകുന്നതും ശിക്ഷാവിധി കഴിഞ്ഞ് കണ്ടുണ്ണിയുടെ മൃതദേഹം ഏറ്റുവാങ്ങി സംസ്കരിക്കുന്നതു വരെയുള്ള സംഭവങ്ങളാണ് കടൽത്തീരത്ത് എന്ന കഥയിലൂടെ ഒ വി വിജയൻ പറയുന്നത്.<br><br>കണ്ണൂർക്കുള്ള യാത്രവേളയിൽ ഭാര്യ കോടച്ചി കൊടുത്തുവിട്ട പൊതിച്ചോറിന് സവിശേഷമായ സ്ഥാനമുണ്ട്. പൊതിച്ചോറ് ഒരു കഥാപാത്രമായി മാറുന്നു. യാത്രാമധ്യേ വെള്ളായിയപ്പന് കഴിക്കുവാൻ നൽകിയതാണ് പൊതിച്ചോറ്. പക്ഷെ മകന്റെ ശവം മറവു ചെയ്യുന്നതു വരെ വെള്ളായിയപ്പൻ ആ പൊതി അഴിച്ചില്ല. പൊതിയുടെ നനവിലൂടെ അയാൾ കോടച്ചിയുടെ ദുഃഖത്തിന്റെ നനവു തന്നെയാണ് തിരിച്ചറിയുന്നത്.<br><br>കഥാരംഭംതൊട്ട് കടപ്പുറത്ത് മകന്റെ ബലിതർപ്പണമായി ആ ചോറ് വിതറുന്നത് വരെ എല്ലാ സന്ദർഭങ്ങൾക്കും സാക്ഷിയായി ആ പൊതിച്ചോറ് വെള്ളായിയപ്പന്റെ കയ്യിലുണ്ട്. വെള്ളായിയപ്പന്റെ ദുഃഖസാന്ദ്രീകൃതമായ മൗനാവസ്ഥയുടെ പ്രതീകമെന്നോണം കഥയാകെ നിറഞ്ഞു നിൽക്കുന്ന കഥാപാത്രം തന്നെയാണ് "പൊതിച്ചോറ്" എന്നു പറയാം. | |
| **3.** | "കാലമാകുന്ന പാമ്പ്" എന്നാണ് ഈ പ്രയോഗത്തിന്റെ അർത്ഥം. എഴുത്തച്ഛൻ വളരെ ഔചിത്യപൂർവ്വം ഉപയോഗിച്ചിരിക്കുന്ന ഒരു പ്രയോഗമാണിത്. സന്ദർഭത്തിന് വളരെ അനുയോജ്യമാണിത്. പാമ്പിന്റെ വായിൽ അകപ്പെട്ട തവള ജീവിതം ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസാന നിമിഷത്തിൽ പോലും ഇരയെ ലഭിക്കുവാൻ കൊതിക്കുന്നു. അതുപോലെ തന്നെയാണ് മനുഷ്യരുടെ കാര്യവും. കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ടവരാണ് മനുഷ്യരും. ഓരോ നിമിഷവും മരണത്തിലേക്കാണ് മനുഷ്യർ നീങ്ങുന്നത്. എന്നിരുന്നാലും പ്രസ്തുത സത്യം മനസ്സിലാക്കാതെ അവർ സുഖഭോഗങ്ങൾക്കായി അതിയായി ആഗ്രഹിച്ചുകൊണ്ടേയിരിക്കുന്നു. പാമ്പ് മരണത്തിന്റെ പ്രതീകമാണ്. അത് ഇഴയുംപോലെ കാലവും ഇഴഞ്ഞുനീങ്ങുന്നു. അതിലെ ജീവിതവും മരണത്തിന്റെ വായിലേക്ക് അടുത്തുകൊണ്ടേയിരിക്കുന്നു. വളരെ മനോഹരവും ഔചിത്യദീക്ഷയുള്ള തുമായ ഒരു പ്രയോഗമാണിത്. ജീവിതാസക്തിയുമായി പരക്കംപായുന്ന മനുഷ്യനെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ് ഈ പ്രയോഗം. | |